# ഫ്രെയിം മാറ്റ് പരിശീലന പരിപാടി – അപേക്ഷ ക്ഷണിക്കുന്നു!

## പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വനിതകൾക്ക് സുവർണ്ണാവസരം !

ഫ്രെയിം മാറ്റ് പരിശീലന പരിപാടിയുടെ ഭാഗമായി, നിങ്ങൾക്ക് തൊഴിൽ രംഗത്ത് മികച്ച സാധ്യതകൾ ലഭിക്കുന്ന ഒരു അവസരമാണിത്.

സംസ്ഥാന പട്ടിക ജാതി വകുപ്പ്, കയർവകുപ്പിന്റെ അനുബന്ധ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ജില്ലാ അടിസ്ഥാനത്തിൽ സ്റ്റൈപന്റോടുകൂടിയ തൊഴിൽ നൈപുണ്യ പരിശീലനത്തിന് പട്ടികജാതി വിഭാഗത്തിൽപെട്ട വനിതകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ജില്ലാ അടിസ്ഥാനത്തിൽ ബാച്ചുകളായിട്ടാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്. പരിശീലന സമയത്ത് സ്റ്റൈപന്റും തുടർന്ന് ഇന്റേൺഷിപ്പോടുകൂടി വിവിധയിനം ഫ്രെയിം മാറ്റുകൾ നിർമ്മിക്കുവാനുള്ള പൂർണ്ണ പരിശീലനം നൽകുന്നു.

- **പരിശീലന വിഷയംഃ**

ഈ പരിശീലനത്തിൽ നിങ്ങൾക്ക് വിവിധയിനത്തിലുള്ള ഫ്രെയിംമാറ്റുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് വിദഗ്ദ പരിശീലനം ലഭിക്കുന്നു.

**വിവിധയിനം ഫ്രെയിം മാറ്റുകൾ**

- കോറിഡോർ മാറ്റ്
- മെഷ് മാറ്റ്
- സിന്നറ്റ് മാറ്റ്
- റൗണ്ട് മാറ്റ്

**യോഗ്യതഃ**

- എട്ടാംക്ലാസ് പാസ്സായിരിക്കണം
- പ്രായപരിധി 50 വയസ്സ്

**സ്റ്റൈപന്റ്**

- പരിശീലന കാലയളവിൽ (30 ദിവസം) പ്രതിദിനം 300 രൂപ സ്റ്റൈപന്റ് ലഭിക്കും
- വിജയകരമായി പരിശീലനം പൂർത്തിയാക്കിയാൽ തുടർന്നുള്ള 25 ദിവസം പ്രതിദിനം 500 രൂപ വീതം ഇന്റേൺഷിപ്പ് സ്റ്റൈപന്റ് ലഭിക്കും.

**പരിശീലനത്തിന്റെ ദൈർഘ്യം :**

- 30 ദിവസമാണ് പരിശീലന കാലാവധി
- ഓരോ ബാച്ചിലും 10 വനിതകളെയായിരിക്കും ഉൾപ്പെടുത്തുക.

**പരിശീലന സമയ ക്രമവും വിശദാംശങ്ങളും :**

- രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ
- രണ്ട് മാസ്റ്റർ ട്രെയിനർമാരുടെ മേൽനോട്ടത്തിലാണ് പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

**പരിശീലനം ലഭിക്കുന്ന ജില്ലകൾ**

- തിരുവനന്തപുരം, കൊല്ലം, കോട്ടയം
- ആലപ്പുഴ, എറണാകുളം, തൃശ്ശൂർ
- മലപ്പുറം, കോഴിക്കോട്, കണ്ണൂർ

**എങ്ങനെ അപേക്ഷിക്കാം?**

- താൽപര്യമുള്ള അപേക്ഷകർ ചുവടെ നൽകിയിരിക്കുന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

നമ്പർ : 0471-27 30 788

**തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്ന മികച്ച അവസരമാണിത് !**

**ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്യൂ!**